**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3226** **11-03-2025 - ൽ മറുപടിയ്ക്ക്**

**ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പാഠ്യപദ്ധതി അനുസരിച്ച് വിദ്യാർത്ഥികൾ ആർജ്ജിക്കേണ്ട പഠനനേട്ടം ശാസ്ത്രീയമായി വിലയിരുത്തി അക്കാദമിക മികവ് ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | ഉണ്ട്. സ്കൂൾ വിദ്യാഭ്യാസത്തിന്റെ അക്കാദമിക മികവ് ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതിയാണ് സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി.<br><br>ഗുണമേൻമയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണെന്ന് പ്രഖ്യാപിച്ച സംസ്ഥാനമാണ് കേരളം. അക്കാദമിക മികവാണ് വിദ്യാലയമികവായി കണക്കാക്കുന്നത്.. ഓരോ ക്ലാസിലും കുട്ടി നേടേണ്ട ശേഷികൾ നേടുന്നുവെന്ന് ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. വിദ്യാലയങ്ങളുടെ ഭൗതികാന്തരീക്ഷം മെച്ചപ്പെട്ടതിനോടൊപ്പം പൊതുസമൂഹത്തിന്റെ പിന്തുണയോടെ അക്കാദമിക മികവിലേയ്ക്കുയരുന്ന പ്രവർത്തനങ്ങളാണ് വിദ്യാലയങ്ങളിൽ ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നത്.<br><br>സമഗ്ര ഗുണമേൻമാ വിദ്യാഭ്യാസ പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള പ്രവർത്തന പദ്ധതിയിൽ ചുവടെ പറയുന്ന ഘടകങ്ങൾക്ക് ഊന്നൽ നൽകിയിട്ടുണ്ട്.<br><br>i ജനകീയ വിദ്യാഭ്യാസ ക്യാമ്പയിൻ<br><br>ii. അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർധിപ്പിച്ച് ഗുണമേൻമ ഉറപ്പുവരുത്തുക.<br><br>iii. മൂല്യനിർണയ രീതിശാസ്ത്രം കാര്യക്ഷമമാക്കുക.<br><br>iv. സാങ്കേതിക വിദ്യാ സൗഹൃദ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.<br><br>v. ഭരണപരമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക. |

| | | | |
|---|---|---|---|
| | | | vi. ഗവേഷണപ്രവർത്തനങ്ങൾ നടപ്പിലാക്കുക.<br><br>vii. പരിശീലനപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.<br><br>viii. വിദ്യാലയസമിതികൾ, മറ്റ് വകുപ്പുകൾ, സ്ഥാപനങ്ങൾ എന്നിവയുമായുള്ള സഹകരണവും പിന്തുണയും ഉറപ്പുവരുത്തുക.<br><br>ഓരോ ക്ലാസിലും/വിഷയത്തിലും കരിക്കുലം വിഭാവനം ചെയ്ത ശേഷികൾ കുട്ടികൾ ആർജിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതാണ്. നിരന്തര മൂല്യ നിർണയ പ്രക്രിയയിലൂടെയാണ് നിശ്ചയിച്ച ശേഷികൾ കുട്ടികൾ നേടുന്നുണ്ടെന്ന് അധ്യാപകർ ഉറപ്പു വരുത്തുന്നത്. ഇതിനായി നിലവിലുള്ള സഹിതം പോർട്ടൽ വിപുലീകരിക്കുന്നതാണ്. |
| (ബി) | സ്കൂൾ ക്ലാസ് മുറികൾ സമ്പൂർണ്ണമായി ഡിജിറ്റലാക്കുന്നതിനായി ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി പരിഗണനയിലുണ്ടോ; വിശദീകരിക്കുമോ; | (ബി) | ഉണ്ട്. എല്ലാ സ്കൂളുകളിലും സാങ്കേതികവിദ്യാ സൗഹൃദ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി ലക്ഷ്യം വയ്ക്കുന്നുണ്ട്. ഇതിനായി എല്ലാ പാഠഭാഗങ്ങളുടേയും ഇ-കണ്ടന്റ് വികസിപ്പിക്കുകയും പോർട്ടൽ വിപുലീകരിക്കുന്നതുമാണ്. കൂടാതെ Holistic Progress Card നടപ്പിലാക്കാനും ഉദ്ദേശിക്കുന്നു.<br><br>സംസ്ഥാനത്തെ സ്കൂൾ പഠനം ഡിജിറ്റൽ ആക്കുന്നതിനായി കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ കിഫ്ബി ഫണ്ട് പ്രയോജനപ്പെടുത്തിക്കൊണ്ട് ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ നടപ്പിലാക്കിയതിലൂടെ പൊതുവിദ്യാഭ്യാസ രംഗത്ത് കേരളം ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ ഡിജിറ്റൽ സംസ്ഥാനം എന്ന നേട്ടം 2020 ഒക്ടോബറിൽ കൈവരിച്ചിരുന്നു. ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളുള്ള 16,027 സ്കൂളുകളിൽ 3,74,274 ഡിജിറ്റൽ ഉപകരണങ്ങൾ വിതരണം ചെയ്തു. 4,752 സെക്കന്ററി-ഹയർ സെക്കന്ററി സ്കൂളുകളിലെ 45,000 ക്ലാസ് മുറികൾ ഹൈടെക് ആക്കിയും 11,275 പ്രൈമറി സ്കൂളുകളിൽ ഹൈടെക് ലാബ് പദ്ധതി നടപ്പിലാക്കിയുമാണ് ഈ ലക്ഷ്യം കൈവരിച്ചത്. ഐ.ടി. ഉപകരണങ്ങൾ ലഭ്യമാക്കിയതിനൊപ്പം അവ ഫലപ്രദമായി ഉപയോഗിക്കുന്നതിന് അധ്യാപക പരിശീലനവും അനുയോജ്യമായ സോഫ്റ്റ് വെയറുകളും കൈറ്റ് ലഭ്യമാക്കിയിട്ടുണ്ട് . |
| (സി) | പഠനം മുതൽ മൂല്യനിർണയം വരെയുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങൾ സാങ്കേതികവിദ്യയുമായി | (സി) | ഓരോ പാഠപുസ്തകത്തിനും അനുയോജ്യമായ ഡിജിറ്റൽ കണ്ടന്റ് കൈറ്റ് തയ്യാറാക്കി 'സമഗ്രപ്ലസ്' പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത |

| | | | |
|---|---|---|---|
| | സമഗ്രമായി സംയോജിപ്പിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | | പോർട്ടലിൽ അധ്യാപകർക്കുള്ള ഡിജിറ്റൽ വിഭവങ്ങളും ആക്ടിവിറ്റികളും വിദ്യാർത്ഥികൾക്ക് പഠനാശയങ്ങൾ ആർജിക്കുന്നതിനും വിലയിരുത്തുന്നതിനും 'പഠനമുറി' സൗകര്യവും ഒരുക്കിയിട്ടുണ്ട്. 'പഠനമുറി' സംവിധാനം രക്ഷകർത്താക്കൾക്കും പൊതുജനങ്ങൾക്കും ഒരുപോലെ പ്രയോജനപ്പെടുത്താവുന്ന വിധത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. അക്കാദമിക പ്രവർത്തനങ്ങൾ മൂല്യനിർണയം നടത്തുന്നതിന് സ്കൂൾതലം മുതൽ സംസ്ഥാനതലം വരെയുള്ള മോണിറ്ററിംഗ് സംവിധാനവും 'സമഗ്രപ്ലസ്' പോർട്ടലിലുണ്ട്. ഭാഷാപഠനത്തിനും സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിനുമായി ഇ-ലാംഗ്വേജ് ലാബ് സംവിധാനവും അതിൽ ഇ-ക്യൂബ് ഇംഗ്ലീഷ്, ഇ-ക്യൂബ് ഹിന്ദി എന്നിവ ഇംഗ്ലീഷ്, ഹിന്ദി ഭാഷാ പഠനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും പ്രയോജപ്പെടുത്തുന്നു. കുട്ടികളുടെ നിരന്തര മൂല്യനിർണയവും മെന്ററിംഗും നടത്തുന്നതിന് 'സഹിതം' മെന്ററിംഗ് പോർട്ടലും പരീക്ഷാ മൂല്യനിർണയ സ്കോർ ഉൾപ്പെടുത്തുന്നതിനും അത് കുട്ടികൾക്കും രക്ഷിതാക്കൾക്കും ലഭ്യമാക്കുന്നതിനും 'സമ്പൂർണപ്ലസ്' പോർട്ടലും കൈറ്റ് സജ്ജമാക്കി ലഭ്യമാക്കിയിട്ടുണ്ട്. |
| (ഡി) | ഈ പദ്ധതിയുടെ നടത്തിപ്പിനായി എന്തെല്ലാം മുന്നൊരുക്കങ്ങളും സാങ്കേതിക സൗകര്യങ്ങളുമാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ഡി) | പഠന പ്രവർത്തനങ്ങൾ സാങ്കേതികവിദ്യയുമായി സംയോജിപ്പിക്കുന്നതിനുള്ള ഭൗതികസൗകര്യങ്ങൾ ഒരുക്കുന്നതിന് സെക്കന്ററി-ഹയർ സെക്കന്ററി ക്ലാസ് മുറികളും ലാബുകളും പ്രൈമറി സ്കൂളുകളും ഹൈടെക്കാക്കി. ഓരോ സർക്കാർ, എയ്ഡഡ് സ്കൂളിന്റേയും ആവശ്യകത കണ്ടെത്തി അനുയോജ്യമായ ഉപകരണങ്ങളും സൗകര്യങ്ങളും ലഭ്യമാക്കുന്നതിനുള്ള തുടർപ്രവർത്തനങ്ങളും നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ